DESPATCHED
On 05/03/2020

5/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 289(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3362/SIC-Gen5/2018**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ഇ.വി. വർഗ്ഗീസ്,<br>എടാട്ടുകാരൻ വീട്,<br>പി.ഒ., എടതിരിഞ്ഞി,<br>ഇരിങ്ങാലക്കുട, കാകത്തിരുത്തി,<br>തൃശ്ശൂർ. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,<br>കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ,<br>ഇലിങ്ങാലക്കുട, തൃശ്ശൂർ. 680 121. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.2.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.4.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 31.3.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 3.4.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 4.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഇ.വി. വർഗ്ഗീസ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട എഗ്രിമെന്റിന്റെ കോപ്പി നാളിതുവരെ എതിർകക്ഷി ലഭ്യമാക്കിയിട്ടില്ലെന്നും എതിർകക്ഷി ഓഫീസിൽ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾ സാധാരണയായി നൽകാറില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കൺസ്യൂമർ നമ്പർ 31855/17 ആയി 23.3.2017 ൽ ക്ഷിധിരാജ് വി.ആർ മുതൽ പേർ ഹർജിക്കാരൻ വഴിയ്ക്കായി വിട്ടു കൊടുത്തിരിക്കുന്ന സ്ഥലം കയ്യേറി കെട്ടിയിരിക്കുന്നതും വാടകയ്ക്ക് നൽകിവരുന്നതുമായ ഷെഡിലേക്ക് ടിയാന്റെ പറമ്പിലെ പോസ്റ്റിൽ നിന്നും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും ആയതിന് വച്ചിരിക്കുന്ന എഗ്രിമെന്റിന്റെ അഥവാ ബോണ്ടിന്റെ പകർപ്പ് നൽകണമെന്നും കൺസ്യുമറുടെ ഭാഗത്ത് നിന്നും 23.3.2017 തീയതി കൊടുത്ത കണക്ഷന് ഒപ്പ് വച്ചിരിക്കുന്നത് ആരെല്ലാം ആണെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ടിയാന് നൽകിയിട്ടുള്ളതാണെന്നും ആയത് ലഭിച്ചു എന്ന് ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ആർ.ടി.ഐ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 23.4.2018 തീയതി മറുപടി നൽകിയിരുന്നു എന്നും ആയതു പ്രകാരം ഹർജിക്കാരൻ രേഖകൾക്കായി ഫീസ് ഒടുക്കി 30.4.2018 തീയതി മേൽപ്പടി രേഖകൾ എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി കൈപ്പറ്റിയിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിരുന്നില്ലെന്നു കാണുന്നു. ആയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20 (1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ട താണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശ്ദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട്

ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ട തുമാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk